# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ : 5332

05.07.2012-ൽ
മറുപടി നൽകേണ്ടി
യിരുന്നത്.

### സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. വർക്കല കഹാർ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇവയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനരീതിയും സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ; | (ബി) ബഹു നിലകളിൽ നിർമ്മിക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളിൽ വിവിധ മോഡ്യൂളുകളായി തിരിച്ച് ഓരോ നിലയിലും വ്യാവസായിക ആവശ്യങ്ങൾക്കായി പാട്ടത്തിന് ആണ് നൽകുന്നത്. ഭൂമിയുടെ പരമാവധി ഉപയോഗം പ്രയോജനപ്പെടുത്താം എന്നുള്ളതാണ് ഇവയുടെ പ്രത്യേകത. കൂടുതൽ വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കാമെന്നുള്ളതും ഇവയുടെ പ്രത്യേകതയാണ്. അടിസ്ഥാന സൗകര്യങ്ങൾ എല്ലാ സംരംഭകർക്കും ലഭിക്കുന്ന രീതിയിലാണ് ഇവ വിഭാവനം ചെയ്തിട്ടുള്ളത്. ലിഫ്റ്റ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഇവയിൽ ലഭ്യമാണ്. |
| (സി) ഇവ മൂലം എത്ര കോടി രൂപയുടെ നിക്ഷേപമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br><br>(ഡി) എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്? | (സി)& (ഡി) കിൻഫ്രയുടെ കൊരട്ടി പാർക്കിലെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയിൽ 8 (എട്ട്) വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് മോഡ്യൂളുകൾ അലോട്ട് ചെയ്തിട്ടുണ്ട്. അവർ നല്കിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഏകദേശം 250 ലക്ഷം രൂപയുടെ നിക്ഷേപവും 68 തൊഴിലവസരങ്ങളുമാണ് പ്രതീക്ഷിക്കുന്നത്. |

ഇതു കൂടാതെ കണ്ണൂരിലെ നാടുകാണിയിലുള്ള കിൻഫ്രയുടെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയിൽ രണ്ട് വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് മോഡ്യൂളുകൾ അലോട്ട് ചെയ്തിട്ടുണ്ട്. അവർ നല്കിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഏകദേശം 1600 ലക്ഷം രൂപയുടെ നിക്ഷേപവും 2000 തൊഴിലവസരങ്ങളുമാണ് പ്രതീക്ഷിക്കുന്നത്.

ഇൻകെലിന്റെ അങ്കമാലിയിലെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി പ്രേജക്ടിൽ ഏകദേശം 100 കോടി രൂപയുടെ നിക്ഷേപവും 2000 തൊഴിലവസരങ്ങളും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

നിർമ്മാണത്തിൽ ഇരിക്കുന്ന മറ്റ് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളിൽ വരുന്ന നിക്ഷേപങ്ങളെ കുറിച്ചും തൊഴിലവസരങ്ങളെക്കുറിച്ചും അലോട്ട്മെന്റ് തുടങ്ങുന്ന അവസരത്തിൽ മാത്രമെ വ്യക്തമായ ഒരു ധാരണ ഉണ്ടാവുകയുള്ളൂ.

സെക്ഷൻ ഓഫീസർ